പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2457 — 18.12.2012 ൽ മറുപടിയ്ക്ക്

## സ്മാർട്ട്സിറ്റി പദ്ധതി വികസന പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. കെ. സുരേഷ് കുറുപ്പ് : | ഉത്തരം<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| എ) സ്മാർട്ട്സിറ്റി പദ്ധതിയുടെ ഭാഗമായി ഇതിനകം എന്തെല്ലാം വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | എ) കൊച്ചിയിലെ സ്മാർട്ട്സിറ്റി പദ്ധതിയുടെ ഭാഗമായി പ്രസ്തുത സ്ഥലത്ത് 10900 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു പവിലിയന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൂടാതെ 3.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം പണിയുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചുവരുന്നു. |
| ബി) സ്മാർട്ട്സിറ്റി പദ്ധതിക്ക് വേണ്ടി സംസ്ഥാന സർക്കാർ ഇതിനകം ഭൂമിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ചെലവാക്കിയ തുക എത്രയെന്ന് വെളിപ്പെടുത്തുമോ ; | ബി) പദ്ധതിക്ക് വേണ്ട ഭൂമി ഏറ്റെടുക്കലിന് സർക്കാർ 82.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഓഹരി മൂലധനത്തിന്റെ 16% ആയ 31.2 കോടി രൂപയും നൽകിയിട്ടുണ്ട്. |
| സി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ ടീകോം കമ്പനി ചെലവഴിച്ച തുക എത്ര ; | സി) സ്മാർട്ട്സിറ്റിയുടെ ഓഹരി മൂലധനം 195 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിൽ 163.8 കോടി രൂപ ടീകോം കമ്പനി നൽകിയിട്ടുണ്ട്. |
| ഡി) സ്മാർട്ട്സിറ്റിക്ക് വേണ്ടി രൂപം നൽകിയ സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ ഏറ്റവും ഒടുവിലത്തെ താത്ക്കാലിക ബാലൻസ് ഷീറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | ഡി) സ്മാർട്ട്സിറ്റി ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ അവസാന ബാലൻസ് ഷീറ്റ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈ...ിയിൽ ലഭ്യമാണ്**